# പെരുമ്പാവൂർ അരുണ ബിയർ & വൈൻ ഷോപ്പിൽ ജീവനക്കാരെ ഭീഷണിപ്പെടുത്തി ബിയർ അപഹരിച്ച കേസ്സിലെ പ്രതി അറസ്റ്റിൽ

04.03.2017 തീയതി രാത്രി 08.30 മണിയ്ക്ക് പെരുമ്പാവൂർ അരുണ ബിയർ & വൈൻ ഷോപ്പിലെ ജീവനക്കാരനെ ഭീഷണിപ്പെടുത്തി 3 ബിയർ ബോട്ടിലുകൾ അപഹരിച്ച കൂവപ്പടി വില്ലേജ് ടി കരയിൽ പുത്തൻകുടി വീട്ടിൽ ഫ്രാൻസിസ് മകൻ ധനേഷ് (33) എന്നയാളെ പെരുമ്പാവൂർ പോലീസ് അറസ്റ്റ് ചെയ്തു. പ്രതി ആലുവ – പെരുമ്പാവൂർ റൂട്ടിലെ പ്രൈവറ്റ്ബസ്സ് കണ്ടക്ടറാണ്. ധനേഷ് ഇതിനുമുമ്പ് 02.03.2010 ൽ മദ്യപിച്ച് അരുണ ബിയർ & വൈൻ ഷോപ്പിൽ പാർക്ക് ചെയ്തിരുന്ന കസ്റ്റമേഴ്സിൻെറ കാർ അടിച്ചു തകർത്തിട്ടുള്ളയാളാണ്. ഇയാൾക്കെതിരെ കോടനാട് പോലീസ് സ്റ്റേഷനിലും കേസ്സുള്ളതാണ്.

പെരുമ്പാവൂർ സർക്കിൾ ഇൻസ്പെക്ടർ ശ്രീ.ബൈജു പൗലോസിൻെറ നിർദ്ദേശപ്രകാരം പെരുമ്പാവൂർ സബ്ബ് ഇൻസ്പെക്ടർ പി.എ.ഫൈസലിൻെറ നേതൃത്വത്തിലാണ് പ്രതിയെ പെരുമ്പാവൂർ പ്രൈവറ്റ് ബസ്സ്സ്റ്റാൻറിൽ നിന്നും അഡീ.എസ്.ഐ കെ.പി.എൽദോസ് അറസ്റ്റ് ചെയ്തത്. എ.എസ്.ഐ പോൾ, സി.പി.ഒ രാജേന്ദ്രൻ എന്നിവർ അന്വേഷണ സംഘത്തിലുണ്ടായിരുന്നു.

പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു.

പെരുമ്പാവൂരിലെ ഇത്തരം അക്രമങ്ങൾക്കെതിരെ ശക്തമായ നടപടികൾ എടുക്കുമെന്ന് പെരുമ്പാവൂർ സർക്കിൾ ഇൻസ്പെക്ടർ അറിയിച്ചു.